# എസ്.കെ.വി.യു.പി സ്കൂൾ ചട്ട്യോൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ആമുഖം

1951ൽ നാട്ടുകാരുടെ സഹകരണത്തോടെ ചട്ടിയോളിൽ 1 2 3 ക്ലാസുകളും 80 വിദ്യാർത്ഥികളും മൂന്ന് അധ്യാപകരുമായി സ്കൂൾ പ്രവർത്തനം ആരംഭിച്ചു 1956 എട്ടാം തരം വരെയായി സ്കൂൾ ഉയർത്തപ്പെട്ടു. അക്കാലത്ത് 320 കുട്ടികളും 13 അധ്യാപകരും ഉണ്ടായിരുന്നു 1990 17 ക്ലാസുകളും 24 അധ്യാപകരും 700 വിദ്യാർത്ഥികളും ഉണ്ടായിരുന്നുവെങ്കിലും അതിനുശേഷം പല കാരണങ്ങൾ കൊണ്ട് വിദ്യാർത്ഥികളുടെ കുറവ് അനുഭവപ്പെട്ടു. കുറച്ചു വർഷങ്ങൾക്കുശേഷം മാനേജ്മെൻറ് കൈമാറ്റം ചെയ്യപ്പെട്ടു പുതിയ മാനേജ്മെൻറ് ഏറ്റെടുത്ത ശേഷം പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ ഇരുനില കെട്ടിടം നിർമ്മിക്കുകയും അതോടൊപ്പം മറ്റ് ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുകയും ഉണ്ടായി തത്ഫലമായി വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായി സ്കൂൾ മാനേജരായ ശ്രീ സി.പി രാജീവൻ റിട്ടയേർഡ് സബ് ഇൻസ്പെക്ടർ പെരിങ്ങോം സ്വദേശിയാണ്.

# പൊതു ലക്ഷ്യങ്ങൾ

പാഠ്യവും പാഠിയതരവുമായ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളെ വളർത്തിയെടുക്കുക, ശുചിത്വം, സാഹോദര്യം, സാമൂഹ്യ പ്രതിബന്ധത,സഹജീവികളോട് അനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക, പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ അവബോധം സൃഷ്ടിക്കുക.

വായനയിലും എഴുത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടു വരിക, സർഗാത്മക കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുക, ഈ ലക്ഷ്യങ്ങൾ മുൻനിർത്തി 2025-26 അധ്യായനപക്ഷത്തിൽ കുട്ടികൾക്ക് നൽകാൻ വേണ്ടി തയ്യാറാക്കിയ പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

നിലവിൽ 343 കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 16 അധ്യാപകരും ഒരു സംരക്ഷിത അധ്യാപികയും എസ് എസ് കെ യിൽ നിന്നും വന്ന അധ്യാപകനും ഓഫീസ് സ്റ്റാഫും സേവനം അനുഷ്ഠിച്ച് വരുന്നു ആവശ്യമായ സൗകര്യങ്ങളോടു കൂടിയ 18 ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും സ്റ്റാഫ് മുറിയും കമ്പ്യൂട്ടർ മുറിയും ലൈബ്രറിയും ലാബ് സൗകര്യവും ഉണ്ട്. 50 ലധികം കുട്ടികൾ പഠിക്കുന്ന പ്രീ പ്രൈമറി വിഭാഗം നമ്മുടെ സ്കൂളിൻറെ ഭാഗമായി പ്രവർത്തിക്കുന്നു. കുടിവെള്ളത്തിനായി ഒരു കിണറും കുഴൽക്കിണറും ഉണ്ട്. വിശാലമായ കളിസ്ഥലവും 20 ശൗചാലയങ്ങളും, രണ്ട് ഭിന്നശേഷി ശൗചാലയങ്ങളും അനുബന്ധ സൗകര്യങ്ങളും നിലവിലുണ്ട്. നവീകരിച്ച അടുക്കള സൗകര്യവുമുണ്ട്.

| ഒന്നു മുതൽ നാലു വരെ മലയാളം, അറബി, ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **സമയം** | **ചുമതല** | **സാമ്പത്തികം** |
| ഗവേഷണപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് കുട്ടികൾക്ക് സ്വയം പരിചയപ്പെടുത്തുവാനും മറ്റുള്ളവരെ പരിചയപ്പെടുത്തുവാനുമുള്ള അവസരം<br><br>ഏതെങ്കിലും ഒരു വിഷയത്തിനെ കുറിച്ച് സ്വതന്ത്രമായി സംസാരിക്കുന്നു | | | |
| കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനു മാക്കി മാറ്റുക | ഗ്രാഫിക് വായന അക്ഷരം പദങ്ങൾ ചെറിയ ചെറിയ വാക്യങ്ങൾ വായന കാർഡ് ചിത്രകഥ പുസ്തക വായന കഥാ കവിത ലേഖനം<br><br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ വായന മൂല വളരുന്ന അക്ഷരങ്ങൾ ഐസിടി സാധ്യത അമ്മ വായന | | | |
| സർഗാത്മക ഡയറി | പ്രകൃതിയിൽ കാണുന്ന കാര്യങ്ങൾ ഡയറിയിൽ രേഖപ്പെടുത്തൽ | | | |

| ഒന്നു മുതൽ നാലു വരെ ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **സമയം** | **ചുമതല** | **സാമ്പത്തികം** |
| സംഖ്യബോധം സംഖ്യ വ്യാഖ്യാനം | മഞ്ചാടി കമ്പുകൾ കല്ലുകൾ മുത്തുകൾ അബാക്കസ് സാമഗ്രികൾ എന്നിവ ഉപയോഗിച്ച് കൂട്ടങ്ങളാക്കിയും തരംതിരിച്ചും വ്യാഖ്യാനിച്ചും സംഖ്യാബോധത്തിലേക്ക് എത്തിക്കുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകർ SRG | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാൻ | പാഠ ഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം ഒറിഗാമി | ആവശ്യാനുസരണം | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കാൻ ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം ഏണിയും പാമ്പും , ഡയസ് കളി , സങ്കലനം - വ്യവകലനം , കച്ചവടക്കളി ) | വർഷം മുഴുവൻ | | |

| ഒന്നു മുതൽ നാലു വരെ പരിസര പഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **ചുമതല** | **സമയം** | **സാമ്പത്തികം** |
| കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം പരിപോഷിപ്പിക്കുക | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു<br><br>പരസ്പരയത്വം തിരിച്ചറിയുന്നതിന് വേണ്ടി ജീവിത, ഘടകങ്ങളും അജീവിക ഘടകങ്ങളും, മണ്ണ് മരം, തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുന്നതിന് വേണ്ടി പരിസര നിരീക്ഷണം നടത്തുന്നു ചിത്ര വായന ഫീൽഡ് ട്രിപ്പ്, ICT സാധ്യത, പതിപ്പ് നിർമ്മാണം | | | |
| ഭൂപടമൊരുക്കാം കേരളം ഇന്ത്യ ഭൂപടം വായന സൂചിക പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചിക നിർമ്മാണം | ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരിക്കൽ | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | HM<br>SRG<br>ക്ലാസ് ടീച്ചർ | | |

| ഭാഷാ പഠനം | | | | V,VI,VII |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **ചുമതല** | **സമയം** | **സാമ്പത്തികം** |
| നല്ല വായന | പ്രീ ടെസ്റ്റ് നടത്തി. പിന്നാക്കത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നു. അക്ഷര കാർഡുകൾ പരിചയ പ്പെടുത്തിയതിനു ശേഷം ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ വായിക്കാൻ സഹായിക്കുന്നു വാക്യങ്ങൾ വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു ഭാഷ ലൈബ്രറികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നിറങ്ങളും ചിത്രങ്ങളും അടങ്ങിയ ചെറു പുസ്തകങ്ങൾ നൽകി കുട്ടികളെ നല്ല വായനയിലേക്ക് നയിക്കുന്നു ICT സാധ്യത ഉപയോഗപ്പെടുത്തുന്നു | ഭാഷാ അധ്യാപകർ<br><br>വിവിധക്ലബ് | | |
| കുട്ടികളിലെ കലാവാസനകൾ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ ലഘു നാടകങ്ങൾ അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നു | | | |

| ഭാഷാ പഠനം | | | | V,VI,VII |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **ചുമതല** | **സമയം** | **സാമ്പത്തികം** |
| കുട്ടികളുടെ ആകാശവാണി എഫ് എം അവതരണം മികവ്<br><br>മലയാളം ICT പഠനം | വിദഗ്ധരായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ശിൽപ്പശാല നടത്തുന്നു<br><br>സംവാദം: സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായി സംവദിക്കൽ<br><br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു<br><br>ഇ- കമ്പ്യൂട്ടറിൽ മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കൽ ഈ മാഗസിൻ പ്രസിദ്ധീകരിക്കൽ മാഗസിൻ നിർമ്മാണം | ഭാഷാ അധ്യാപകർ<br><br>ക്ലാസ് ലീഡർ സ്കൂൾ ലീഡർ | ആഴ്ചയിൽ ഒരു ദിവസം | PTA |

| ENGLISH | | | | |
|---|---|---|---|---|
| **Aim** | **Activities** | **Duration** | **Charge** | **Finance** |
| To speak, read and write English without any mistake [ L,S,R,W] | Hello English activities riddles book review self introduction newspaper reading makes description magazines etc make kills condense English assembly conduct English camp | June to March | English teachers | |

| ഗണിതം | | | | V,VI,VII |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **സമയം** | **ചുമതല** | **സാമ്പത്തികം** |
| സംഖ്യ വ്യാഖ്യാനം ചതുഷ്ക്രിയകൾ ഉപയോഗപ്പെടുത്തി യുള്ള പ്രശ്നപരിഹാരം<br><br>ഗണിത ഡോക്ടർ<br><br>ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക | സംഖ്യാ കാർഡുകൾ അബാക്കസ് എന്നിവ ഉപയോഗിച്ച് സംഖ്യകൾ വ്യാഖ്യാനിക്കുന്നു<br><br>ഒരു സംഖ്യയെ മറ്റൊരു സംഖ്യ കൊണ്ട് ഗുണിക്കുന്നതിനുള്ള വ്യത്യസ്ത മാർഗ്ഗം കണ്ടെത്തൽ, കൂട്ടമാക്കൽ, ഭാഗം വയ്ക്കൽ തുല്യമായി വീതിക്കൽ<br><br>ഗണിത ക്ലിനിക്ക് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായമായി ഗണിത ക്ലിനിക് ആഴ്ചയിൽ ഒരു ദിവസം<br>ഗണിത ഏകദിന ക്യാമ്പ് (ഒറിഗാമി) | എല്ലാ മാസത്തിലും | ഗണിത അധ്യാപകർ | |

| അടിസ്ഥാന ശാസ്ത്രം | | | | V,VI,VII |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **സമയം** | **ചുമതല** | **സാമ്പത്തികം** |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ<br><br>ICT സാധ്യത | <u>ജൈവവൈവിധ്യ പാർക്ക്</u><br><br>ഔഷധത്തോട്ടം<br>പച്ചക്കറി തോട്ടം<br>ശലഭോദ്യാനം<br><br><u>കണ്ടറിയാനൊരു യാത്ര</u><br><br>വംശനാശഭീക്ഷിണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ.<br>ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം.<br>കൃഷിയിടം സന്ദർശനം.<br><br><u>പരീക്ഷണക്ക ളരി</u><br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ പരീക്ഷണത്തിലൂടെ ക്ലാസുകൾ ആരംഭിക്കുന്നു.<br>പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br><br>സയൻസ് ക്ലബ്ബ് | പിടിഎ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രീയ ശേഷി വികസിപ്പിക്കുക<br><br>ആധുനിക ശാസ്ത്രകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | <u>മാസ്റ്റർ മൈന â</u><br><br>വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കാനുള്ള അവസരം നൽകുന്നു<br><br><u>എക്സ്പോ - എക്സ് പ്ലോർ</u><br><br>ആധുനിക ശാസ്ത്ര ലോകത്തിൻറെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br><br>ICT സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ ചെയ്യുന്നു | അക്കാദമിക വർഷം | അധ്യാപകർ ക്ലബ്ബുകൾ | |

| സാമൂഹ്യ ശാസ്ത്രം V,VI,VII | | | | |
|---|---|---|---|---|
| **ലക്ഷ്യം** | പ്രവർത്തനം | **ചുമതല** | **സമയം** | **സാമ്പത്തികം** |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ<br><br>ബോധവൽക്കരണ ക്ലാസ് | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട കുട്ടികളുടെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രവർത്തനങ്ങൾ നൽകുന്നു<br><br>ഓർമ്മച്ചെപ്പ് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ,ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു<br><br>ലഹരി വിരുദ്ധ ക്ലാസ്സ്, സൈബർ സുരക്ഷ, ട്രാഫിക് എന്നിവയുമായി ബന്ധപ്പെട്ട് ക്ലാസ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ജൂൺ | |

| | | | | |
|---|---|---|---|---|
| കുട്ടികളെ ചരിത്രാപബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക<br><br>ജനാധിപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **VIRTUAL FIELD TRIP**<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.<br><br>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br><br>ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അധ്യാപകർ | ജൂൺ | |

| | | | | |
|---|---|---|---|---|
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ ബോധവാന്മാരാക്കുന്നു | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br><br>ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നി ശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ബോധവാന്മാരാക്കുകയും ചെയ്യുന്നു | | | |

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

### I. എന്റെ വിദ്യാലയം വിജയ പഥത്തിയിലേക്ക് .

1. ഓരോ കുട്ടിയും അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ നേടിയെന്ന് രക്ഷിതാവിനെയും ബോധ്യപ്പെടുത്തുക .
2. ഭാഷാശാസ്ത്ര പഠനങ്ങൾ ഉൾപ്പെടെ എല്ലാവരും രംഗത്തും ഗവേഷണ വരെയുള്ള കുട്ടികളെ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുവാൻ ഉതകുന്ന വിധത്തിലാണ് ഒന്നാമത്തെ പദ്ധതിയായ എൻറെ വിദ്യാലയം വിജയ പഥത്തിലേക്ക് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്

### II. സ്വപ്ന പുരോഗതി

ശാരീരിക മാനസിക ആരോഗ്യം പരിപാലിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി ആവശ്യമായ ബോധവൽക്കരണവും വൈദ്യസഹായവും നൽകുക നാടകം പോസ്റ്റർ ഗാനങ്ങൾ തുടങ്ങിയ വിവിധ പ്രകടനവും പാതികളിലൂടെ ശാസ്ത്രം ആരോഗ്യം ഭക്ഷണം ലഹരിയിൽ നിന്നുള്ള മോചനം എന്നീ മേഖലകളിൽ കുട്ടികൾ ആർജിക്കുന്ന അറിവുകൾ പൊതുസമൂഹത്തിൽ പങ്കുവയ്ക്കുക ആത്മവിശ്വാസത്തോടെ കായിക വിനോദങ്ങളിലും മത്സരങ്ങളിലും ഏർപ്പെടുന്ന ദിനം കുട്ടികളെ ഭാഷാ ചേച്ചി ആശയ വിനയമായ ശേഷി സർഗാത്മക രചന എന്നിവ പരിപോഷിപ്പിക്കുന്നതിനും അധ്യാപക രക്ഷകർത്യ ബന്ധം ശക്തിപ്പെടുത്തുന്നതിനും ഓരോ വീട്ടിലും ഓരോ ക്ലാസിലും ലൈബ്രറി സംവിധാനം സജ്ജമാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്

## III. പച്ചപ്പിലേക്ക് ഒരു മടക്ക യാത്ര

ആനുകാലിക പരിസ്ഥിതി പ്രശ്നങ്ങൾ ഉൾക്കൊണ്ട് പരിസ്ഥിതി സംരക്ഷണം ജീവിത വ്രതം ആക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക പരിസ്ഥിതി പ്രശ്നങ്ങളിൽ സമൂഹത്തോടൊപ്പം ഇടപെടുകയും പരിഹാര ബോധത്തിന് ശ്രമിക്കുകയും ചെയ്യുക ജൈവ സംസ്കൃതി ലൂമിയ ഭക്ഷ്യവിഭവങ്ങൾ നമുക്ക് ആവശ്യമായ തോതിൽ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് .

സമീപപ്രദേശങ്ങളിലുള്ള പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് ജലമലിനീകരണം അന്തരീക്ഷ മലിനീകരണം പ്രകൃതി ചൂഷണം കുട്ടികളുടെ നേതൃത്വത്തിൽ സർവ്വേ നടത്തുന്നു.

സർവ്വേയുടെ അടിസ്ഥാനത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു നിലവിലുള്ള വൃക്ഷത്തൈകൾക്ക് സംരക്ഷണം നൽകൽ ഔഷധത്തോട്ടം പൂന്തോട്ടം പച്ചക്കറിത്തോട്ടം എന്നിവ പ്രത്യേക സ്ഥലങ്ങളിൽ നിർമ്മിക്കാൻ ചുമതല നൽകുന്നു.

മഴക്കോഴി നിർമ്മാണം പൈപ്പ് കമ്പോസ്റ്റ് ജൈവവേലി എന്നിവ സജ്ജീകരിക്കുന്നു .

## IV. ശാസ്ത്രം കൈപ്പിടിയിൽ

ശാസ്ത്ര സാങ്കേതികരംഗം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിനും നൂതനമായ ശാസ്ത്ര ആശയങ്ങൾ കണ്ടെത്തി പ്രവർത്തന പദത്തിൽ എത്തിക്കുന്ന കുട്ടി ശാസ്ത്രജ്ഞന്മാരെ രൂപപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

V. ലഘു കായിക വിനോദങ്ങൾ സുംബാ ഡാൻസ്, യോഗ പരീക്ഷണം

VI. ഇംഗ്ലീഷ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.